**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1752** **02-02-2024 - ൽ മറുപടിയ്ക്ക്**

**സർക്കാർ കോളേജിലെ അദ്ധ്യാപക നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഉന്നത വിദ്യാഭാസ വകുപ്പിന് കീഴിലുള്ള സർക്കാർ കോളേജുകളിൽ നിലവിലുള്ള അധിക അദ്ധ്യാപക തസ്തികകൾ പുനർവിന്യസിക്കുന്നതിന് എടുത്ത നടപടികൾ എന്തൊക്കെയാണ്; | (എ) | യു.ജി.സി സ്കീമിന് യോജിച്ച രീതിയിൽ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനുള്ള വർക്ക് ലോഡ് കണക്കാക്കുന്നതിൽ പി.ജി കോഴ്സുകൾക്ക് അധിക വെയിറ്റേജ് നൽകി വന്നിരുന്ന രീതി 01.06.2020 മുതൽ പ്രാബല്യത്തിൽ സർക്കാർ നിർത്തലാക്കിയിരുന്നു. അതുവരെ 9 മണിക്കൂർ ജോലിഭാരം മതിയായിരുന്ന സിംഗിൾ ഫാക്കൽറ്റി/ സെക്കന്റ് ലാങ്ഗ്വേജ് വിഷയങ്ങളിലും 16 മണിക്കൂർ വർക്ക് ലോഡ് നിർബന്ധമാക്കിയിരുന്നു. തുടർന്ന് സർക്കാർ കോളേജുകളിൽ വിവിധ വിഷയങ്ങളിൽ നിലനിന്നിരുന്ന വർക്ക് ലോഡ് പുനഃക്രമീകരിച്ചതിന്റെ ഭാഗമായും, എം. ഫിൽ കോഴ്സുകൾ നിർത്തലാക്കിയതിന്റെ ഭാഗമായും 350 ൽ പരം അധിക അദ്ധ്യാപക തസ്തികകൾ നിലനിൽക്കുന്നതായി കണ്ടെത്തുകയുണ്ടായി. പ്രസ്തുത തസ്തികകൾ ക്രമീകരിക്കുന്നതിനായുള്ള പ്രൊപ്പോസൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | വിവിധ വിഷയങ്ങളിലെ അസിസ്റ്റന്റ് പ്രഫസർ റാങ്ക് പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിന്നും വിവരാവകാശ നിയമപ്രകാരം കിട്ടിയ മറുപടിയിൽ അധിക തസ്തികകൾ നിലനിൽക്കുന്നതു മൂലം 2020-നുശേഷം ഒഴിവു വന്ന തസ്തികകൾ പി.എസ്.എസിയ്ക്കു റിപ്പോർട്ട് ചെയ്യണമെങ്കിൽ സർക്കാരിന്റെ നയ തീരുമാനം ആവശ്യമാണ് എന്ന മറുപടി ലഭ്യമായ സാഹചര്യത്തിൽ പ്രസ്തുത നയ തീരുമാനം എടുക്കുവാനായി സർക്കാർ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | (ബി) | യു.ജി.സി സ്കീമിന് യോജിച്ച രീതിയിൽ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനുള്ള വർക്ക് ലോഡ് കണക്കാക്കുന്നതിൽ പി.ജി കോഴ്സുകൾക്ക് അധിക വെയിറ്റേജ് നൽകി വന്നിരുന്ന രീതി 01.06.2020 മുതൽ പ്രാബല്യത്തിൽ സർക്കാർ നിർത്തലാക്കിയിരുന്നു. അതുവരെ 9 മണിക്കൂർ ജോലിഭാരം മതിയായിരുന്ന സിംഗിൾ ഫാക്കൽറ്റി/ സെക്കന്റ് ലാങ്ഗ്വേജ് വിഷയങ്ങളിലും 16 മണിക്കൂർ വർക്ക് ലോഡ് നിർബന്ധമാക്കിയിരുന്നു. തുടർന്ന് സർക്കാർ കോളേജുകളിൽ വിവിധ വിഷയങ്ങളിൽ നിലനിന്നിരുന്ന വർക്ക് ലോഡ് പുനഃക്രമീകരിച്ചതിന്റെ ഭാഗമായും, എം. ഫിൽ കോഴ്സുകൾ നിർത്തലാക്കിയതിന്റെ ഭാഗമായും 350 ൽ പരം അധിക അദ്ധ്യാപക തസ്തികകൾ |

| | | | |
|---|---|---|---|
| | | | നിലനിൽക്കുന്നതായി കണ്ടെത്തുകയുണ്ടായി. പ്രസ്തുത തസ്തികകൾ ക്രമീകരിക്കുന്നതിനായുള്ള പ്രൊപ്പോസൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | അസിസ്റ്റന്റ് പ്രൊഫസർ റാങ്ക് ലിസ്റ്റിൽ ആദ്യ റാങ്കുകാർക്ക് പോലും ജോലി ലഭിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉന്നതബിരുദധാരികളായ ഈ യുവാക്കളുടെ പ്രശ്നം പരിഹരിക്കാൻ സർക്കാർ എന്തെങ്കിലും നടപടികൾ കൈക്കൊള്ളാൻ ശ്രമിക്കുമോ; | (സി) | യു.ജി.സി സ്കീമിന് യോജിച്ച രീതിയിൽ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനുള്ള വർക്ക് ലോഡ് കണക്കാക്കുന്നതിൽ പി.ജി കോഴ്സുകൾക്ക് അധിക വെയിറ്റേജ് നൽകി വന്നിരുന്ന രീതി 01.06.2020 മുതൽ പ്രാബല്യത്തിൽ സർക്കാർ നിർത്തലാക്കിയിരുന്നു. അതുവരെ 9 മണിക്കൂർ ജോലിഭാരം മതിയായിരുന്ന സിംഗിൾ ഫാക്കൽറ്റി/ സെക്കന്റ് ലാംഗ്വേജ് വിഷയങ്ങളിലും 16 മണിക്കൂർ വർക്ക് ലോഡ് നിർബന്ധമാക്കിയിരുന്നു. തുടർന്ന് സർക്കാർ കോളേജുകളിൽ വിവിധ വിഷയങ്ങളിൽ നിലനിന്നിരുന്ന വർക്ക് ലോഡ് പുനഃക്രമീകരിച്ചതിന്റെ ഭാഗമായും, എം. ഫിൽ കോഴ്സുകൾ നിർത്തലാക്കിയതിന്റെ ഭാഗമായും 350 ൽ പരം അധിക അദ്ധ്യാപക തസ്തികകൾ നിലനിൽക്കുന്നതായി കണ്ടെത്തുകയുണ്ടായി. പ്രസ്തുത തസ്തികകൾ ക്രമീകരിക്കുന്നതിനായുള്ള പ്രൊപ്പോസൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) | അടുത്ത അക്കാദമിക് വർഷം ആരംഭിക്കുന്ന നാലുവർഷ ഡിഗ്രി കോഴ്സിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ആവശ്യമായി വരുന്ന അധിക അദ്ധ്യാപകരുടെ നിയമനം സംബന്ധിച്ച് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (ഡി) | നാലുവർഷ ഡിഗ്രി പ്രോഗ്രാമിൽ മൂന്നുവർഷത്തെ പഠനം പൂർത്തിയാക്കി ബിരുദം സമ്പാദിക്കുന്നതിന് നിലവിലെ അദ്ധ്യാപകരുടെ എണ്ണം പര്യാപ്തമാണ്. അധിക അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാതെ തന്നെ നാലുവർഷ ഡിഗ്രി പ്രോഗ്രാം ആരംഭിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ